**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **29-07-2021 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കെ.എസ്.ഇ.ബി. ആവിഷ്ക്കരിച്ച നിലാവ് പദ്ധതി നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭയിലും സ്ഥാപിച്ചതെന്നും വിശദമാക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലമ്പൂർ മുൻസിപ്പാലിറ്റി, അമരമ്പലം ഗ്രാമപഞ്ചായത്ത്, ചുങ്കത്തറ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പിലാക്കുന്നത്. ഇതു പ്രകാരം ഇതുവരെ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. നിലമ്പൂർ മുനിസിപ്പലിറ്റി -450എണ്ണം അമരമ്പലം ഗ്രാമപഞ്ചായത്ത് -500എണ്ണം ചുങ്കത്തറ ഗ്രാമപഞ്ചായത്ത് - 450 എണ്ണം |
| (ബി) | ഏറ്റവും ചുരുങ്ങിയത് എത്ര തെരുവ് വിളക്കുകളാണ് നിലാവ് പദ്ധതിയിൽ സ്ഥാപിക്കാനാവുകയെന്നും ഇതിനായി എത്ര തുകയാണ് തദ്ദേശ സ്ഥാപനം അടവാക്കേണ്ടതെന്നും അറിയിക്കാമോ; സ്വകാര്യ കമ്പനികളുടെ വില നിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ നിലാവ് പദ്ധതിയുടെ തുക കൂടുതലാകുമോ എന്നറിയിക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി, കെ.എസ്.ഇ.ബി ലിമിറ്റഡ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് നിലാവ്. സ.ഉ (കൈ) 202/2020/ തസ്വഭവ തീയതി 25.12.2020 പ്രകാരം 500 തെരുവുവിളക്കുകൾ അടങ്ങുന്ന അഞ്ച് പാക്കേജുകളിൽ കുറഞ്ഞത് ഒരെണ്ണം എങ്കിലും തിരഞ്ഞെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ ചേരാവുന്ന താണ്. കിഫ്ബിയാണ് പദ്ധതിക്ക് വേണ്ട ധനസഹായം ചെയ്യുന്നത്. LED വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിയുടെ തിരിച്ചടവ് നടത്തേണ്ടത്. 500 തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 3.44 ലക്ഷം രൂപ മുതൽ 4.19 ലക്ഷം രൂപ വരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ലാഭം പ്രതീക്ഷിക്കുന്നു. ഇതിന്റെ 75% വരുന്ന തുകയാണ് പ്രതിവർഷം തിരിച്ചടവ് കണക്കാക്കിയിട്ടുള്ളത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ-നെയാണ് നിലാവ് പദ്ധതിക്കു വേണ്ടി LED തെരുവ് വിളക്കുകൾ സപ്ലൈ ചെയ്യുവാൻ നിയോഗിച്ചിരിക്കുന്നത്. ഇ.ഇ.എസ്.എൽ മത്സരാധിഷ്ഠിത ടെണ്ടർ വഴി തിരഞ്ഞെടുക്കുന്ന |

| | | | |
|---|---|---|---|
| | | | നിർമ്മാതാക്കളിൽ നിന്നാണ് എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങുന്നത്. മത്സരാധിഷ്ഠിത ടെണ്ടർ വഴി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് (Discovered Price) കെ.എസ്.ഇ.ബി.എൽ -നെ അറിയിക്കും. ഈ നിരക്കിൽ ആണ് കെ.എസ്.ഇ.ബി.എൽ പർച്ചയ്സ് ഓർഡർ ഇ.ഇ.എസ്.എൽ-നു നൽകുന്നത്. ഇപ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ വഴി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ പർച്ചയ്സ് ഓർഡർ നൽകുന്നതിനാൽ സ്വകാര്യ കമ്പനികളുടെ വിലനിലവാരവുമായി താരതമ്യം ചെയ്യുന്നതിന് പ്രസക്തി ഇല്ല. |
| (സി) | ഇത് പ്രകാരം കേടായ സ്ട്രീറ്റ് ലൈറ്റുകളെക്കുറിച്ച് പരാതി ലഭിച്ചാൽ എത്ര സമയത്തിനകത്താണ് പുന:സ്ഥാപിക്കാനാകുക എന്നറിയിക്കാമോ; കെ.എസ്.ഇ.ബി. യ്ക്ക് എത്ര വർഷത്തേക്കാണ് പരിപാലന കരാർ ഉള്ളതെന്നും അറിയിക്കാമോ; | (സി) | സ.ഉ (കൈ) 202/2020/തസ്വഭവ തീയതി 25.12.2020 പ്രകാരം സപ്ലൈ ചെയ്യുന്ന LED തെരുവ് വിളക്കുകളുടെ 5% ഇ.ഇ.എസ്.എൽ ബഫർ സ്റ്റോക്ക് ആയി (വില ഈടാക്കാതെ) നൽകേണ്ടതുണ്ട്. ആയതിനാൽ കേടായ വിളക്കുകൾ പരാതി ലഭിച്ച് 48 മണിക്കൂറിനകം മാറ്റി സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. നിലാവ് പദ്ധതി പ്രകാരമുള്ള തെരുവ് വിളക്കുകളുടെയും പരിപാലന ചുമതല മറ്റു തെരുവ് വിളക്കുകളുടേത് പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാന പ്രകാരം നിലാവ് പദ്ധതിയിൽ ഉള്ള തെരുവ് വിളക്കുകളുടെ വാർഷിക പരിപാലന കരാർ കെ.എസ്.ഇ.ബി.എൽ-നും നല്കാവുന്നതാണ്. നിലവിൽ കെ.എസ്.ഇ.ബി എൽ-ന് നിലാവ് പദ്ധതിയിൽ പരിപാലന കരാർ ഇല്ല. |
| (ഡി) | കൂടുതൽ തദ്ദേശ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലാവ് പദ്ധതിയുടെ സ്ലാബുകളിൽ ആകർഷകമായ കുറവ് വരുത്തുന്നതിന് കെ.എസ്.ഇ.ബി. തയ്യാറാകുമോ; ഇതിനായി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന്റെ സർക്കാർ - സ്വകാര്യ ചെലവുകളുടെ താരതമ്യ പഠന റിപ്പോർട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ അംഗീകരിച്ചിട്ടുള്ളത് 500 തെരുവ് വിളക്കുകൾ അടങ്ങുന്ന അഞ്ച് പാക്കേജുകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ജൂലൈ മാസം 8- ന് അവലോകനം നടത്തിയത് പ്രകാരം നിലവിലുള്ള 500 തെരുവുവിളക്കുകൾ അടങ്ങുന്ന അഞ്ചു പാക്കേജുകൾക്ക് പകരം 100 തെരുവ് വിളക്കുകൾ അടങ്ങുന്ന അഞ്ചു പാക്കേജുകൾക്ക് പ്രൊപ്പോസൽ സമർപ്പിച്ച് ഉത്തരവ് വാങ്ങി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനു വേണ്ട തുടർ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പാണ് സ്വീകരിക്കേണ്ടത്. ഈ പദ്ധതിയിൽ മത്സരാധിഷ്ഠിത ടെൻഡർ വഴി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് പ്രകാരം LED തെരുവ് വിളക്കുകൾ വാങ്ങുന്നതിനാൽ സ്വകാര്യ കമ്പനികളുടെ വിലനിലവാരവുമായി താരതമ്യപ്പെടുത്തു ന്നതിന് പ്രസക്തി ഇല്ല. |
| (ഇ) | നിലാവ് പദ്ധതിയിൽ സ്ട്രീറ്റ് ലൈറ്റുകൾ | (ഇ) | നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം ഉള്ള |

| | | | |
|---|---|---|---|
| | സ്ഥാപിക്കുമ്പോൾ ഗ്രാമങ്ങൾക്കാണോ നഗരപ്രദേശങ്ങൾക്കാണോ ഊന്നൽ നൽകുക എന്ന് അറിയിക്കാമോ; തദ്ദേശ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകാമോ? | | ഗ്രാമപഞ്ചായത്തുകളും നഗര സഭകളും കോർപ്പറേഷനുകളും ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തുല്യ പ്രാധാന്യത്തോടെ LED തെരുവ് വിളക്കുകൾ സ്ഥാപിച്ചു നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജനാധിപത്യ വ്യവസ്ഥിതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് സഭയിൽ റെസോല്യൂഷൻ പാസ്സാക്കിയാണ് നിലാവ് പദ്ധതിയിൽ ചേരുവാൻ തീരുമാനമെടുക്കേണ്ടത്. വിളക്കുകൾ സ്ഥാപിക്കുവാൻ ഉള്ള പോസ്റ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. സാങ്കേതിക സാധ്യതകൾ പരിശോധിച്ച് കെ.എസ്.ഇ.ബി.എൽ തുടർ നടപടികൾ കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ